Syro Malabar Commission for Liturgy



# സകല മരിച്ചവരുടെയും ഓർമദിനം

പൗരസ്ത്യസുറിയാനി ആരാധനക്രമപാരമ്പര്യമനുസരിച്ച് ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ച സകല മരിച്ചവരുടെയും ഓർമദിനമാണ്. മാമോദീസായിലൂടെ കരഗതമായ ദൈവമക്കളുടെ പദവിയിൽ ധീരോചിതമായ ക്രൈസ്തവജീവിതം നയിച്ച്, തങ്ങളുടെ ഈ ലോകജീവിതയാത്രയിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിച്ച് കടന്നുപോയവർ, വിശ്വാസികളുടെ സമൂഹത്തിന് മാതൃകകളായിത്തീർന്നവരാണ്. അങ്ങനെയുള്ള നമ്മുടെ പ്രിയപ്പെട്ടവരെ ഓർക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും ത്യാഗങ്ങൾ അനുഷ്ഠിക്കാനും അവർ പകർന്നുതന്ന വിശ്വാസപൈതൃകത്തിന്റെ പേരിൽ ദൈവത്തെ സ്തുതിക്കാനുമുള്ള അവസരമാണ് സകല മരിച്ചവരുടെയും ഓർമദിനം.

മിശിഹായെ വെളിപ്പെടുത്തുകയും അവന് സാക്ഷ്യം വഹിക്കുകയും ചെയ്ത വിശുദ്ധർ എന്ന നിലയിലാണ് മാമോദീസാ സ്വീകരിച്ച് വിശ്വാസം ജീവിച്ച് ഈശോയിൽ നിദ്ര പ്രാപിച്ചവരായ നമ്മുടെ പൂർവികരെ പൗരസ്ത്യസുറിയാനി സഭ കാണുന്നത്. അതുപോലെതന്നെ കർത്താവിൽ വിശ്വാസമർപ്പിച്ച് ജീവിച്ചവരാരും കല്ലറകളിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ നിത്യമായി കിടക്കുകയില്ലെന്നും സഭ വിശ്വസിക്കുന്നു. കാരണം തന്നിൽ വിശ്വസിക്കുന്നവർ ഒരിക്കലും മരിക്കുകയില്ലെന്നാണല്ലോ ജീവന്റെ ഉടയവന്റെ വചനം (യോഹ 11:25).

മാമോദീസായിലൂടെ വിശുദ്ധീകരിക്കപ്പെട്ട എല്ലാവരോടും പ്രത്യേകിച്ച് എല്ലാ മരിച്ചവരോടുമുള്ള നമ്മുടെ കൂട്ടായ്മ സഭയുടെ വിശ്വാസത്തിന്റെ ഭാഗമാകയാൽ അവർക്കുവേണ്ടി സഭ ഔദ്യോഗികമായ ആരാധനക്രമത്തിൽ എപ്പോഴും പ്രാർഥിക്കുന്നു. പരി.കുർബാനയിലും യാമപ്രാർഥനകളിലുമെല്ലാം ഈ അനുസ്മരണം ഒരു അവിഭാജ്യഘടകമാണ്. മാത്രമല്ല, ആരാധനാവത്സരത്തിലെ ഒരു ദിവസം അതിനായി പ്രത്യേകം നീക്കിവയ്ക്കുകയും ചെയ്യുന്നു. ആരാധനയിലധിഷ്ഠിതമായ സഭയിലെ കൂട്ടായ്മയുടെ സ്വഭാവികമായ പ്രകാശനം തന്നെയാണിത്. മരിച്ചവർക്കുവേണ്ടി പ്രാർഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മക്കബായരുടെ രണ്ടാം പുസ്തകത്തിലും (2മക്ക 12:42-45) തിമോത്തിക്കുള്ള ലേഖനത്തിലും (2തിമോ 1:16-18) നമുക്ക് കാണാൻ കഴിയും. മരിച്ചവരെ അനുസ്മരിക്കുന്നത് ശ്ലൈഹികകാലംമുതൽ സഭയിൽ നിലനിൽക്കുന്നതാണെന്ന് പൗലോസിന്റെ ലേഖനത്തിൽ നിന്നും നമുക്ക് മനസിലാക്കാം.

ദനഹായിലെ അവസാന വെള്ളിയാഴ്ച, വലിയനോമ്പിനു തൊട്ടുമുമ്പുള്ള വെള്ളിയാഴ്ചയുമാണ് എന്ന സത്യംകൂടി കണക്കിലെടുക്കുമ്പോൾ മരിച്ചവരുടെ ഓർമദിനം ദനഹായിലെ അവസാന വെള്ളിയാഴ്ചതന്നെ വരിക തികച്ചും യുക്തമാണ്. അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ജീവിതനവീകരണത്തിന്റെയും കാലമാണല്ലോ നോമ്പുകാലം. മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചുമുള്ള ചിന്തകൾവഴി വലിയ നോമ്പിന്റെ അരൂപിയിലേക്ക് വളരെ ഫലപ്രദമായി പ്രവേശിക്കുന്നതിന് ഈ ദിനത്തിലെ മരിച്ചവരുടെ ഓർമയാചരണം സഹായിക്കും. അതുപോലെ തന്നെ പാപത്തിന്റെ ഫലമാണ് മരണമെന്ന യാഥാർത്ഥ്യം തെളിഞ്ഞുനിൽക്കുന്നതുകൊണ്ട് ദനഹാക്കാലത്തിലെ അവസാനവെള്ളിയാഴ്ചത്തെ ഈ ഓർമ, ഈശോയുടെ പീഡാനുഭവത്തിലേക്കും മരണത്തിലേക്കും അതിനുകാരണമായ മനുഷ്യന്റെ പാപങ്ങളിലേക്കും തിരിയുന്നതിന് നമ്മെ സഹായിക്കുന്നു. മാത്രമല്ല, നോമ്പുകാലത്തിലെ പ്രർഥനയും പ്രായശ്ചിത്തവും

ദാനധർമവും മരിച്ചവർക്കുവേണ്ടിക്കൂടി അനുഷ്ഠിക്കേണ്ടതിന്റെ പ്രാധാന്യവും കാണിക്കുന്നതിനുകൂടിയാവാം മരിച്ചവരുടെ ഓർമ വലിയ നോമ്പിന് തൊട്ടുമുമ്പുള്ള വെള്ളിയാഴ്ച സജ്ജീകരിച്ചിരിക്കുന്നത്.

തയ്യാറാക്കിയത്,
റവ. ഫാ. മാത്യു തെക്കേടം
ചങ്ങനാശേരി

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

24-02-2022

Read more: wwwsyromalabarliturgy.org